# കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ക്ലിപ്തം – കൊല്ലം

# 2019 സീസണിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ശേഖരിക്കുന്ന തോട്ടണ്ടി , കോർപ്പറേഷന് വിലയ്ക്കു നൽകുന്നതിനുള്ള ടെൻഡർ വ്യവസ്ഥകൾ

## Tender ID:2019_KSCDC_274798_1

1. ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ക്വൊട്ടേഷൻ നോട്ടീസ്, ഇ–ടെന്റർ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് Up load ചെയ്യേണ്ടതാണ്.
2. നൽകുന്ന തോട്ടണ്ടി പച്ചയാണ് എന്ന് വ്യക്തമായി കാണിച്ചിരിക്കണം ഏറ്റവും കുറഞ്ഞത് 500 മെ.ടൺ (50 ലോഡ്) തോട്ടണ്ടി നിശ്ചിത സമയപരിധിക്കുള്ളിൽ നൽകിയിരിക്കണം. (മാക്സിമം 2000 മെട്രിക്ടൺ വരെ നൽകാവുന്നതാണ്)
3. 80 കിലോഗ്രം നിറച്ച ചാക്കിലെ തോട്ടണ്ടിയിൽ നിന്ന് എത്ര പൗണ്ട് പരിപ്പ് ലഭ്യമാകുമെന്ന് ഔട്ടേണിൽ കാണിച്ചിരിക്കണം.
4. ഒരു കിലോ തോട്ടണ്ടിയിൽ എത്രയെണ്ണം ഉണ്ടാകുമെന്ന് കാണിച്ചിരിക്കണം ഇത്ര മുതൽ ഇത്ര വരെ എന്നെഴുതിയാൽ കുറവുള്ള എണ്ണമേ കണക്കിലെടുക്കുകയുള്ളൂ.
5. കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം (കിളിമാനൂർ) ഫാക്ടറികളിൽ ഇറക്കുന്നതിനുള്ള (ഇറക്കുകൂലി സഹിതം) 1 (ഒരു) കിലോയ്ക്ക് വില GST ഒഴികെ എത്ര രൂപയാണെന്ന കണക്കിലാണ് BOQ വിൽ കണക്കാക്കേണ്ടത്.
6. ടെൻഡർ ഫോമിൽ സൂചിപ്പിച്ചിരിക്കുന്ന ഔട്ടേണും കൗണ്ടും മാത്രമേ ടെൻഡർ ഫൈനലൈസേഷനു പരിഗണിക്കുകയുള്ളു.ഇതിനു വ്യത്യസ്തമായി **BOQ** –ൽ കാണിച്ചാൽ ആയത് പരിഗണിക്കുന്നത് ബോർഡ് തീരുമാന പ്രകാരമായിരിക്കും .
7. സപ്ലൈയറെ അറിയിച്ച്, കൊണ്ടുവരുന്ന തോട്ടണ്ടിയിൽ നിന്ന് സർവ്വയർ സാമ്പിളുകൾ ശേഖരിച്ച് കമ്പനി നിയമിക്കുന്ന സ്വതന്ത്ര ഏജൻസിയെ (**RBS**) കൊണ്ട് കട്ടിംഗ് ടെസ്റ്റ് നടത്തുന്നതായിരിക്കും.തൽസമയം തോട്ടണ്ടി നൽകുന്നവരുടെയും കമ്പനിയുടെയും പ്രതിനിധികൾ ഉണ്ടായിരിക്കേണ്ടതാണ്. കട്ടിംഗ് ടെസ്റ്റിനുവേണ്ടി സർവ്വയർ തോട്ടണ്ടി ശേഖരിക്കുന്നത് ഫാക്ടറികളിൽ /യാഡിൽ തോട്ടണ്ടി ഉണക്കിയതിനുശേഷം മാത്രമായിരിക്കും
8. **BOQ** വിൽ സൂചിപ്പിച്ചിരിക്കുന്ന **outturn** യഥാർത്ഥത്തിൽ ഉണങ്ങിയ തോട്ടണ്ടിയിൽ നിന്ന് കട്ടിംഗ് ടെസ്റ്റിൽ ലഭിക്കേണ്ടവയാണ്. കൂടാതെ **BOQ** പറഞ്ഞിരിക്കുന്ന **count** പച്ച തോട്ടണ്ടിയുടെത് ആണ്. **7% Count** അധികമായി ഉണക്കിയ തോട്ടണ്ടിയിൽ പരിഗണിക്കുന്നതാണ്.
9. കട്ടിംഗ് ടെസ്റ്റിൽ ഔട്ടേൺ കരാർ ചെയ്തതിൽ നിന്നു കുറവായി കണ്ടാൽ, ആദ്യത്തെ രണ്ട് പൗണ്ടിന്, ആനുപാതികവും പിന്നീട് വരുന്ന ഓരോ പൗണ്ടിനും ഇരട്ടിയായും വിലയിൽ കുറവു വരുത്തുന്നതാണ്. കൂടാതെ ഗുണമേന്മ, പരിപ്പിന്റെ എണ്ണം, തൂക്കം മുതലായവയ്ക്കും കുറവു വന്നാൽ, ആനുപാതികമായി വിലയിൽ കുറവ് വ

രുത്തുന്നതാണ്. ഫോറിൻ മാറ്റർ ഉണ്ടെങ്കിൽ, ആയതിനും വിലയിൽ കുറവ് വരുത്തുന്നതായിരിക്കും.

**10.** കട്ടിംഗ് ടെസ്റ്റിൽ തോട്ടണ്ടിയുടെ ഗുണമേന്മ നിശ്ചയിക്കുന്നതിന് നല്ല പരിപ്പിന്റെ മുഴുവൻ തൂക്കവും ഭാഗീഗമായി കേട്, പുഴുക്കുത്ത്, പിരിവാല് എന്നീ പരിപ്പിന്റെ **50%** മാത്രം തൂക്കവും കണക്കിലെടുക്കുന്നതാണ്.

**11.** കരാറിൽ പറഞ്ഞ കൗണ്ടിൽ കൂടുതലൂണ്ടാകുന്ന ഓരോ കൗണ്ടിനും അനുപാതികമായി വിലകുറയ്ക്കുന്നതാണ്.

**12.** സപ്ലൈയറെ അറിയിച്ച് തോട്ടണ്ടി ഇറക്കേണ്ട ഫാക്ടറിയുടെ ഏറ്റവും അടുത്തുള്ള വേബ്രിഡ്ജിൽ തൂക്കം നോക്കുന്നതായിരിക്കും.

**13.** കട്ടിംഗ് ടെസ്റ്റിൽ പാകമാകാത്ത തോട്ടണ്ടി, കേട് അഴുകിയത് (പൂർണമായും), ഭാഗീകമായി കേടുവന്നത്, പുഴുക്കുത്ത്, പിരിവാൽ **(50%)** എന്ന് കണക്കിലെടുക്കുന്നനതായിരിക്കും ഇവ (റിജക്ഷൻ) **10%** നും **15%** നും ഇടയിൽ വന്നാൽ, ആനുപാതികമായി വിലയിൽ കുറവ് വരുത്തുന്നതാണ് . കട്ടിംഗ് ടെസ്റ്റിൽ **15%** ത്തിൽ കൂടുതൽ റിജക്ഷൻ(ഡിഫക്ടീവ് നട്സ്) വന്നാൽ പിന്നീട് **(10%** നു മുകളിൽ) ഇരട്ടിയായും വിലയിൽ കുറവ് വരുത്തുന്നതാണ്. ഈർപ്പം പരമാവധി **10%,** ആകാം. ഫോറിൻ മാറ്റർ കാണരുത്.

**14.** ഉണക്കിയ തോട്ടണ്ടിയിൽ **10%** ൽ കൂടുതൽ ഈർപ്പമുണ്ടായാൽ, ആനുപാതികമായി വിലയിൽ കുറവ് വരുത്തുന്നതാണ്. പച്ച തോട്ടണ്ടിയിൽ **7%** ത്തിൽ കുടുതൽ ഡ്രയേജ് അനുവദിക്കുന്നതല്ല. കൂടുതൽ കണ്ടാൽ ആനുപാതികമായി വിലയിൽ കുറവ് വരുത്തുന്നതാണ്.

**15.** അതാത് ഫാക്ടറികളിൽ ലഭിക്കുന്ന തോട്ടണ്ടിയുടെ വില, തോട്ടണ്ടി ഫാക്ടറിയിൽ എത്തിയശേഷം **Interest free credit** വ്യവസ്ഥയിൽ **(30** ദിവസത്തെ)/ കോർപ്പറേഷനിലെ ഫണ്ടിൻെറ ലഭ്യത അനുസരിച്ച് പെയ്മെൻറ് ഭാഗീഗമായി നൽകുന്ന തും. ബാലൻസ് പെയ്മെൻറ് കട്ടിംഗ്ടെസ്റ്റ് റിസൽട്ടിന് ശേഷം **Final settlement** കോൺട്രാക്ടിനു വിധേയമായും നൽകുന്നതുമാണ് .

16. സപ്ലൈ കാലാവധി –500 മെട്രിക് ടൺ **on or before 30th March 2019**
1000 മെട്രിക് ടൺ **on or before 10th April 2019**
1500 മെട്രിക് ടൺ **on or before 20th April 2019**
2000 മെട്രിക് ടൺ **on or before 30th April 2019** പ്രകാരം ആയിരി ക്കേണ്ടതാണ്.

**17.** ദർഘാസ് ഓൺലൈനിൽ സ്വീകരിക്കുന്ന അവസാന തീയതി **18.03.2019, 5:00 pm** നും ടെൻഡർ തുറക്കുന്നത് **20.03.2019 10:00 am** നും, ആയിരിക്കും ഇ.എം.ഡി. **Rs.2,00,000(** രണ്ട്ലക്ഷം) ഓൺലൈൻ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ.

18. **GST** രജിസ്ട്രേഷൻ നമ്പറുള്ള രജിസ്റ്റേഡ് ഡീലറായിരിക്കണം സപ്ലെയർ. ടെൻഡർ അംഗീകരിച്ച് കിട്ടുന്ന പാർട്ടി **3** ദിവസത്തിനകം **5,00,000/-** രൂപയുടെ കരുതൽ ധനം **(SD)** അടയ്ക്കേണ്ടതാണ്. കോൺട്രാക്ട് വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്ര വ്യത്തുകയും കരുതൽ ധനവും (7,00,000 രൂപ) കോർപ്പറേഷൻ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതായിരിക്കും.

19.ആവശ്യം വന്നാൽ ടെൻഡറിൽ ലഭിക്കുന്ന തുല്യമായ വിലകൾ മാനുവലായി വിശ കലനം ചെയ്ത് കൗണ്ടിന്റേയും ഔട്ടേണിന്റേയും അടിസ്ഥാനത്തിൽ **L1**– നെ തീരു മാനിക്കുന്നതായിരിക്കും.

20.തരുന്ന ടെൻഡർ നെഗോഷ്യേറ്റ് ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും നിരാകരിക്കു ന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർ / ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ നിക്ഷിപ്തമാണ്.

**21. In tender details of e-tendering systems- cover details, No. of covers-2- Fee/ Pre-Qual/Technical Cover – upload PDF Documents "NA/Read and understood/Self declaration (Wherever applicable)**

**Sd/-**
മാനേജിംഗ് ഡയറക്ടർ

സ്ഥലം **:** കൊല്ലം
തീയതി **: 12/03/2019**